<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 739</u> <u>06-12-2022 - ൽ മറുപടിയ്ക്ക്</u>

<u>പുരപ്പുറ സൗരോർജ്ജ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ എത്ര ഉപഭോക്താക്കളെയാണ് ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പുരപ്പുറ സൗര പദ്ധതി പ്രകാരം 55000 – ത്തോളം വീട്ടുകളിൽ 200 MW സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായാണ് കെ. എസ്. ഇ. ബി. എൽ. ലക്ഷ്യമിട്ടുന്നത്. നാളിതുവരെ സൗര പദ്ധതിയിലൂടെ 23479 ഉപഭോക്താക്കൾക്ക് 98.43 MW ന്റെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ്, സ്കൂളുകൾ, മറ്റ് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങൾ ഉൾപ്പെടെ 300–ഓളം സൈറ്റുകളിലായി 7 MW ന്റെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുവാനും ലക്ഷ്യമിടുന്നു. നിലവിൽ കെ.എസ്.ഇ.ബി. സ്ഥാപിച്ച പുരപ്പുറ സൗരോർജ്ജ നിലയങ്ങളുടെ ആകെ സ്ഥാപിത ശേഷി 104.3 MW ആണ്.<br><br>കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. 7,000 ഉപഭോക്താക്കളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് അനെർട്ട് ലക്ഷ്യമിടുന്നത്. ഇതുവരെ പ്രസ്തുത പദ്ധതിയ്ക്കായി അനെർട്ടിന് 5,706 അപേക്ഷകളാണ് ലഭിച്ചത്. |
| (ബി) | ഇതിൽ എന്തെല്ലാം ഇളവുകളും മാനദണ്ഡങ്ങളുമാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിൽ നടപ്പിലാക്കിവരുന്ന പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി നൽകുന്നത്. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയി ച്ചിട്ടുള്ള അടിസ്ഥാന |

| | | | |
|---|---|---|---|
| | | | വിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ